©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br><br>Thiruvananthapuram,<br>Thursday | 2021 ഫെബ്രുവരി 25<br>25th February 2021<br>1196 കുംഭം 13<br>13th Kumbham 1196<br>1942 ഫാൽഗുനം 6<br>6th Phalguna 1942 | നമ്പർ<br>No. **966** |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

***G.O.(P) No.30/2021/LBR*** ***Dated, Thiruvananthapuram, 24th February, 2021***
***12th Kumbham, 1196***

**S. R. O. No. 250/2021**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(Ms.)No.109/2011/LBR dated 9th August, 2011 and published as S.R.O.No.495/2011 in the Kerala Gazette Extraordinary No.1552 dated 16th August, 2011, the Government of Kerala after considering the objections and

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

suggestions received on the draft proposals published as Notification No.LBRD-E1/177/2019-LBRD dated 22nd January, 2020 in the Kerala Gazette Extraordinary No.241 dated 24th January, 2020 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Private Temple Sector in the State of Kerala, as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**I. Basic Wages**

| *Sl.No.* | *Category/Posts* | *Monthly Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1 | **Group A**<br>Melshanthi | ₹16,870 |
| 2 | **Group B**<br>Karyakaran<br>Shanthi<br>Keezhshanthi | ₹14,590 |
| 3 | **Group C**<br>Komaram/Velichappadu<br>Koladharikal | ₹12,850 |
| 4 | **Group D**<br>Kazhakakaran<br>Vadyakaran<br>Paricharakan<br>Malakettunnayal | ₹12,190 |
| 5 | **Group E**<br>Adichuthalikkar<br>Anthithiriyan | ₹11,380 |

**<u>Office Staff</u>**

| *Sl. No.* | *Category/Posts* | *Monthly Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1 | **Group A**<br>Manager | ₹16,870 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 2 | **Group B**<br>Superintendent<br>Supervisor<br>Accountant | ₹14,590 |
| 3 | **Group C**<br>Clerk<br>Cashier<br>Driver | ₹12,850 |
| 4 | **Group D**<br>Attender<br>Peon<br>Mike Operator | ₹12,190 |
| 5 | **Group E**<br>Sweeper | ₹11,380 |

**II.** (1) In case of temples where no daily pooja is performed, the employees shall be eligible for proportionate wages for the days in which work was done by dividing monthly basic wages by 26.

(2) In case of temples where pooja is conducted only once in a day and without "vechu nivedyam", employees are eligible for an amount equivalent to fifty percentage of basic wages.

**III. Dearness Allowance**

In addition to the basic wages, the employees shall be eligible for Dearness Allowance calculated on the basis of the Consumer Price Index published for the concerned District Head Quarters of the Department of Economic and Statistics at the rate of ₹ 26/- (Rupees Twenty six only) for monthly waged employees and ₹ 1/- (Rupees one only) for daily waged employees respectively, for every point above 300 points of latest Consumer Price Index Number in the series 1998-99=100.

**IV. Service Weightage**

The employees who have completed not less than five years of continuous service in a temple/under an employer, as on the date of commencement of this notification, shall be allowed service weightage at the rate of one per cent of the basic wages at the revised rate for every completed year of service subject to the maximum of fifteen percentage, by including in the basic wages.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**V. Other Conditions**

1. In case the employees of any temples are at present getting higher wages than the minimum wages fixed as per this notification, such higher rates shall continued to be given to them.
2. If any Post/Category of employees is not included in the Schedule above they shall be eligible for the basic wages equivalent to the similar post/category.
3. The daily wages in respect of the category of employees for whom monthly wage is fixed as per this notification may be calculated by dividing the monthly wages and the eligible Dearness Allowance by 26.

By order of the Governor,
SATYAJEET RAJAN,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier fixed the minimum rates of wages payable to the employees employed in the Private Temple Sector in the State of Kerala as per notification issued under G.O.(Ms.)No.109/2011/LBR dated 9th August, 2011 and published as S.R.O.No.495/2011 in the Kerala Gazette Extraordinary No.1552 dated 16th August, 2011. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No.LBRD-E1/177/2019-LBRD dated 22nd January, 2020 in the Kerala Gazette Extraordinary No.241 dated 24th January, 2020 and in consultation with the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ.ഉ.(അച്ചടി) നം.30/2021/തൊഴിൽ

*തിരുവനന്തപുരം, 2021 ഫെബ്രുവരി, 24*

*1196 കുംഭം 12*

**എസ്. ആർ. ഒ. നമ്പർ 250/2021**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ.(എംഎസ്.)109/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 16-ാം തീയതിയിലെ 1552-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 495/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2020 ജനുവരി 22-ാം തീയതിയിലെ ഇ 1/177/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 24-ാം തീയതിയിലെ 241-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ 'സ്വകാര്യ ക്ഷേത്ര ജീവനം' മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക**

**I. അടിസ്ഥാന വേതനം**

| ക്രമ നം. | വിഭാഗം/തസ്തിക | അടിസ്ഥാന മാസവേതനം |
|---|---|---|
| (1) | (2) | (3) |
| 1 | **ഗ്രൂപ്പ് എ**<br>മേൽശാന്തി | ₹ 16,870 |
| 2 | **ഗ്രൂപ്പ് ബി**<br>കാര്യക്കാരൻ<br>ശാന്തി<br>കീഴ്ശാന്തി | ₹ 14,590 |

| | | |
|---|---|---|
| 3 | **ഗ്രൂപ്പ് സി**<br>കോമരം/വെളിച്ചപ്പാട്<br>കോലധാരികൾ | ₹12,850 |
| 4 | **ഗ്രൂപ്പ് ഡി**<br>കഴകക്കാരൻ<br>വാദ്യക്കാരൻ<br>പരിചാരകൻ<br>മാലകെട്ടുന്നയാൾ | ₹12,190 |
| 5 | **ഗ്രൂപ്പ് ഇ**<br>അടിച്ചുതളിക്കാർ<br>അന്തിത്തിരിയൻ | ₹11,380 |

**ഓഫീസ് വിഭാഗം**

| ക്രമ നം. | വിഭാഗം/തസ്തിക | അടിസ്ഥാന മാസവേതനം |
|---|---|---|
| (1) | (2) | (3) |
| 1 | **ഗ്രൂപ്പ് എ**<br>മാനേജർ | ₹16,870 |
| 2 | **ഗ്രൂപ്പ് ബി**<br>സൂപ്രണ്ട്<br>സൂപ്പർ വൈസർ<br>അക്കൗണ്ടന്റ് | ₹14,590 |
| 3 | **ഗ്രൂപ്പ് സി**<br>ക്ലർക്ക്<br>കാഷ്യർ<br>ഡ്രൈവർ | ₹12,850 |
| 4 | **ഗ്രൂപ്പ് ഡി**<br>അറ്റൻഡർ<br>പ്യൂൺ<br>മൈക്ക് ഓപ്പറേറ്റർ | ₹12,190 |
| 5 | **ഗ്രൂപ്പ് ഇ**<br>സ്വീപ്പർ | ₹11,380 |

**II.** (1) ദൈനംദിന പൂജയില്ലാത്ത ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് പ്രതിമാസ വേതനത്തിന്റെ 26-ൽ ഒരു ഭാഗം കണക്കാക്കി പ്രവൃത്തി ചെയ്ത ദിവസത്തേയ്ക്ക് ആനുപാതിക വേതനത്തിന് അർഹതയുണ്ട്.

(2) ദിവസം ഒരു നേരം മാത്രം പൂജ നടത്തുന്നതും വച്ചുനിവേദ്യം ഇല്ലാത്തതുമായ ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് അടിസ്ഥാന വേതനത്തിന്റെ 50 ശതമാനത്തിന് തുല്യമായ തുകയ്ക്ക് അർഹതയുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് 1 രൂപ നിരക്കിലും മാസശമ്പളക്കാർക്ക് 26 രൂപ നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**IV. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു ക്ഷേത്രത്തിന്റെയോ ഒരു തൊഴിലുടമയുടെയോ കീഴിൽ തുടർച്ചയായി 5 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തേയ്ക്കും പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന വേതനത്തിന്റെ 1 ശതമാനം നിരക്കിൽ പരമാവധി 15 ശതമാനം എന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജായി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ടതാണ്.

**V. ഇതര വ്യവസ്ഥകൾ**

1. ഏതെങ്കിലും ക്ഷേത്രത്തിലെ ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ നൽകുന്നുണ്ടെങ്കിൽ അവർക്ക് അങ്ങനെയുള്ള അത്തരം ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കാനുള്ള അർഹതയുണ്ട്.
2. ഏതെങ്കിലും തസ്തികയോ വിഭാഗമോ മുകളിൽ കാണിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവർക്ക് സമാന പദവിയിലുള്ള തസ്തിക/വിഭാഗത്തിന് നിഷ്ക്കർഷിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
3. ഈ വിജ്ഞാപന പ്രകാരം മാസനിരക്ക് നിശ്ചയിച്ചിട്ടുള്ള ജീവനക്കാരുടെ വിഭാഗത്തെ സംബന്ധിച്ച ദിവസവേതനം അർഹതപ്പെട്ട ക്ഷാമബത്ത ഉൾപ്പെടെയുള്ള മാസനിരക്കിനെ 26 കൊണ്ട് ഭാഗിച്ചു കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സത്യജീത് രാജൻ,**
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ സ്വകാര്യ ക്ഷേത്ര ജീവനം മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ.(എംഎസ്.)109/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16-ാം തീയതിയിലെ 1552-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 495/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2020 ജനുവരി 22-ാം തീയതിയിലെ ഇ 1/177/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 24-ാം തീയതിയിലെ 241-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.25 07:54:29 +05:30